**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2999** **07-10-2025 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിൽ പുതുതായി അനുവദിച്ച തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. എ. കെ. ശശീന്ദ്രൻ**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വനം വകുപ്പിൽ പുതുതായി എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; തസ്തിക തിരിച്ചുള്ള വിവരം നൽകാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വനം വകുപ്പിൽ 9 സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികകളും, 9 ഫോറസ്റ്റ് ഡ്രൈവർ തസ്തികകളും, 9 പാർട്ട് ടൈം സ്വീപ്പർ തസ്തികകളും ഉൾപ്പടെ ആകെ 27 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ അനുവദിച്ച തസ്തികയ്ക്ക് ആനുപാതികമായി മിനിസ്റ്റീരിയൽ വിഭാഗത്തിന് പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ; ആയത് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | അനുവദിച്ചിട്ടില്ല. മിനിസ്റ്റീരിയൽ വിഭാഗത്തിന് പുതിയ തസ്തികകൾ അനുവദിക്കുന്നതിനുള്ള ശിപാർശകൾ നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. വനം വകുപ്പിലെ വിവിധ ഓഫീസുകളിലെ ജോലി ഭാരം കണക്കിലെടുത്ത് കൂടുതൽ മിനിസ്റ്റീരിയൽ തസ്തികകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചിട്ടുണ്ട്. |
| (സി) | പുതുതായി അനുവദിച്ച തസ്തികകളിലെ എസ്റ്റാബ്ലിഷ്മെന്റ് ജോലികൾ ഉൾപ്പെടെ കൈകാര്യം ചെയ്യുന്നതിന് മിനിസ്റ്റീരിയൽ വിഭാഗത്തിന്റെ വർധിച്ച ജോലി ഭാരം കാരണം കഴിയാതെ വരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | വനം വകുപ്പിൽ 27 പുതിയ തസ്തികകൾ സൃഷ്ടിച്ചത് മൂലം മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് ജോലി ഭാരം വർദ്ധിച്ചതായി കാണുന്നില്ല. എന്നാൽ 2021 ഫെബ്രുവരിയിൽ 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിച്ചത് മൂലം മിനിസ്റ്റിയൽ വിഭാഗം ജീവനക്കാർക്ക് എസ്റ്റാബ്ലിഷ്മെന്റ് ജോലികൾ ഉൾപ്പെടെ കൈകാര്യം ചെയ്യുന്നതിന് ജോലിഭാരം വർദ്ധിച്ചുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ